LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂമിയുടെ ഉപയോഗം, പദ്ധതി പ്രദേശത്തിലുൾപ്പെട്ട റോഡുകൾ, പാലങ്ങൾ, വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, വെള്ളം, മലിനജല കൈകാര്യ സംവിധാനങ്ങൾ, മഴവെള്ള സംഭരണികൾ, ഇക്കോടോൺ ഭൂപ്രദേശങ്ങൾ, കളി സ്ഥലങ്ങൾ, പാർക്കുകൾ, നടപ്പാതകൾ, എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പദ്ധതി രൂപരേഖയ്ക്ക് പരിസ്ഥിതി ആഘാത പഠന അതോറിറ്റിയുടെ അനുമതി ലഭിച്ച ക്കാതെ സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെട്ട 246 ഏക്കർ ഭൂമിയിൽ 232 ഏക്കറിന് SEZ പദവി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി 3.7 Km. റോഡുകൾ, അഴുക്ക് ചാലുകൾ, കേബിൾ കിടങ്ങുകൾ എന്നിവയ്ക്ക് കരാർ നൽകിക്കഴിഞ്ഞു. പ്രാരംഭ ആവശ്യത്തിനുള്ള ജല ലഭ്യത ഉറപ്പാക്കി കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസ് പദ്ധതിയ്ക്ക് ലഭ്യമായിട്ടുണ്ട്.

(സി) പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി ലീഡർഷിപ്പ് ഇൻ എനർജി & എൻവയോൺമെന്റൽ ഡിസൈൻ (LEED) അംഗീകാരത്തോടുകൂടിയ 4000 വിദഗ്ദ്ധർക്ക് നേരിട്ട് നിയമനം നൽകാൻ സാധിക്കുന്ന വിധത്തിലുള്ള 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യത്തെ IT Park കെട്ടിടം മാർച്ച് 2015-ഓടെ പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു: സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിൽ പണിതീർക്കുന്ന ആറരലക്ഷം ചതുരശ്രയടി കെട്ടിടത്തിന്റെ ഉദ്ഘാടനം 2015 മാർച്ച് 25-ന് നിർവ്വഹിക്കും. ഇതിൽ 5000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 30 ലക്ഷം ചതുരശ്രയടി കെട്ടിടത്തിന്റെ നിർമ്മാണം 2014-ൽ തന്നെ തുടക്കമിടും.

വ്യാവസായിക രംഗത്തെ നിക്ഷേപം

282 (631) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ രംഗത്ത് എത്ര രൂപയുടെ നിക്ഷേപം ഉണ്ടായി ;

(ബി) എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു ;

(സി) പ്രസ്തുത കാലയളവിൽ എത്ര ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞു ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഫാക്ടറികൾ അടച്ചുപൂട്ടി; കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) വ്യവസായ രംഗത്തെ കേരള മോഡൽ എന്നതുകൊണ്ട് എന്തെല്ലാമാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ ;

(എഫ്) ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; എത്ര സംരംഭകർക്ക് അതിന്റെ ഗുണം ലഭിച്ചു ; വിശദാംശം നൽകാമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ വ്യവസായ രംഗത്ത് ഏകദേശം 604 കോടി രൂപയുടെ നിക്ഷേപവും, 3251 ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കിൻഫ്ര, സിഡ്കോ എന്നിവയുടെ സഹായത്തോടെ ആരംഭിച്ച സംരംഭങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 8399.83 കോടി രൂപയുടെ നിക്ഷേപം വ്യവസായ രംഗത്ത് ഉണ്ടായി.

(സി&ഡി) ഈ കാലയളവിൽ കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം ചെയ്തതിന്റെ ഫലമായി അടച്ചുപൂട്ടപ്പെട്ടിരുന്നവയിൽ ഒരു സ്ഥാപനം തുറന്ന് പ്രവർത്തിക്കുകയും, ഒരു സ്ഥാപനം പ്രവർത്തന മൂലധനത്തിന്റെ അഭാവത്താൽ അടച്ചുപൂട്ടുകയുമുണ്ടായി. വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഇ) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും കേരളത്തിലാണ്. ക്ലസ്റ്റർ വികസന രംഗത്തും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് (വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും കേരളം എപ്പോഴും മുൻ നിരയിലാണ്).

(എഫ്) കെ.എസ്.ഐ.ഡി.സി. നൽകി വരുന്ന വായ്പകളുടെ പലിശ ഒരു ശതമാനം കുറച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. പുതുതായി തുടങ്ങുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായി 25 ലക്ഷം രൂപ വരെയുള്ള സീഡ് ഫണ്ടിങ്ങ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം ഇതേ വരെ നാലു യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2011-2012 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഇനങ്ങളിലായി ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഉക വിനിയോഗിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

State Investment subsidy	-	8,22,33,403
Self Employment Scheme for Educated Youth	-	1,46,61,331
Turnover Subsidy to MSMEs engaged in the manufacture of fruit and vegetables based products	-	53,08,318
Reimbursement of one time guarantee fee and annual service fee remitted under CGTMSE	-	72,78,866

സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇനത്തിൽ 325 പേർക്കും Self employment for Youth എന്ന പദ്ധതി പ്രകാരം 259 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. 5 കോടി രൂപ വിത്ത് മൂലധന വായ്പ ഇനത്തിൽ 310 പേർക്കായി ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 25,40,00,000 രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ 21,29,54,973 രൂപ Entrepreneur Support Scheme, State Investment Subsidy എന്നീ പദ്ധതികളിലൂടെ ആനുകൂല്യങ്ങളായി നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 30,00,00,000 രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ State Investment Subsidy, Entrepreneur Support Scheme, Margin Money Loan എന്നീ ഇനങ്ങളിലായി 29,47,11,132 രൂപ ചെലവഴിച്ചിട്ടുണ്ട്. കിൻഫ്രയുടെ നേതൃത്വത്തിൽ ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ താഴെ പറയുന്ന Standard Design Factory കൾ സ്ഥാപിച്ചിട്ടുണ്ട് :

1. Standard Design Factory, Nellad Ernakulam.
2. Standard Design Factory, Piravanthur, Kollam
3. Standard Design Factory, Thalassery, Kannur
4. Standard Design Factory,Kanjikode, Palakkad.

കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ബി.എച്ച്.ഇ.എൽ.

283 (632) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കെ.ഇ.എൽ.-നെ ബി.എച്ച്.ഇ.എൽ. ആക്കി മാറ്റിയ ശേഷം എന്ത് പുരോഗതിയാണ് ആ സ്ഥാപനത്തിനുണ്ടായത് ;

LIBRARY ARCHIVES Kerala Legislative Assembly